# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4947 — 24.07.15 -ൽ മറുപടിക്ക്

### അച്ചൻകോവിലാറിന് സംരക്ഷണ ഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മവേലിക്കര മണ്ഡലത്തിലെ വഴുവാടിക്കടവിൽ അച്ചൻകോവിലാറിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും കടവ് നവീകരണത്തിനുമായി 20 ലക്ഷം രൂപയും കരിമ്പിൻകാവ് പ്രദേശത്ത് അച്ചൻകോവിലാറിന്റെ തെക്ക് ഭാഗം സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയും അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) എംഎൽ.എ നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>(സി) പ്രസ്തുത രണ്ടു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) & (സി) പ്രസ്തുത കത്തിന്മേൽ മാവേലിക്കര മണ്ഡലത്തിലെ വഴുവാടിക്കടവിൽ അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും, കടവു നവീകരണത്തിനുമായി 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 25.03.2013 ൽ ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കര്യാലയത്തിൽ നിന്നും ജില്ലാ കളക്ടർ ആലപ്പുഴയുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭിച്ചിട്ടില്ലാ ത്തതിനാൽ പ്രവർത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.<br><br>കരിമ്പിൻകാവ് പ്രദേശത്ത് അച്ചൻകോവിലാറിന്റെ തെക്ക് ഭാഗം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യപ്തത മൂലം സാമ്പത്തികാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഡി എസ് ആർ-ലേക്ക്മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;<br>(ഇ) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) & (ഇ) കരിമ്പിൻകാവ് പ്രദേശത്തെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ 2014 പ്രകാരം, ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭിച്ചാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാമ്പത്തികാനുമതി നൽകി പ്രവൃത്തി നടപ്പാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/